# INTERNATIONAL INDIAN SCHOOL DAMMAM
## SUMMATIVE ASSESSMENT – 2 (2016 – MARCH)
## SUBJECT : MALAYALAM   CLASS : VII

**TIME : 3 Hr.        MARKS : 90**

<u>ഗദ്യഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക</u>

**.[Marks : 10]**

മലയാളഭാഷയുടെ പിതാവ് എന്നറിയപ്പെടുന്ന കവിയാണ് എഴുത്തച്ഛൻ. അദ്ദേഹത്തിന് എത്രയോ മുമ്പ് മലയാളഭാഷയും കവിതയും രൂപപ്പെട്ടു -കഴിഞ്ഞിരിക്കുന്നു. മലയാളത്തിന്റെ കഴിവുകൾ തികച്ചും വളർത്തിയെടു-ത്തതും അതിന് ഇന്നത്തെ രൂപം നൽകിയതും തുഞ്ചത്താചാര്യനാണ്. അതുകൊണ്ടുതന്നെ മലയാളഭാഷയുടെ പിതാവ് എന്ന പദവി അദ്ദേഹത്തിന് സിദ്ധിച്ചു. തുഞ്ചന്റെ കിളിപ്പാട്ടുകളിലെ ഭാഷയാണ് പിൽക്കാലത്തെ കവികൾ അനുകരിച്ചത്. എല്ലാഭാവങ്ങളെയും എഴുത്തച്ഛൻ ഭംഗിയായി പ്രകാശിപ്പിക്കുന്നുണ്ടെങ്കിലും ഭക്തിയാണ് അദ്ദേഹത്തിന്റെ കാവ്യങ്ങളിൽ മുറ്റി നിൽക്കുന്നത്. തന്റെ കവിതകളിലൂടെ നമ്മുടെ ഹൃദയങ്ങളെ നിർമ്മലമാക്കുകയും ആത്മാവിനെ ഉണർത്തുകയും പരിശുദ്ധികൊണ്ട് നമ്മുടെ ഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടുകയും ചെയ്തു. അതിനാൽ മറ്റാർക്കും ലഭിക്കാത്ത ആചാര്യപദവി അദ്ദേഹത്തിനു ലഭിച്ചു. അധ്യാത്മരാമായണം കിളിപ്പാട്ടും ഭാരതം കിളിപ്പാട്ടുമാണ് എഴുത്തച്ഛന്റെ പ്രധാന കൃതികൾ. വെട്ടത്തുനാടാണ് അദ്ദേഹത്തിന്റെ ജനനത്താൽ അനുഗൃഹീതമായ ദേശം.

| | |
|---|---|
| 1. എഴുത്തച്ഛന്റെ കാവ്യങ്ങളിൽ മുറ്റി നിൽക്കുന്നത് എന്ത്? | 2 |
| 2. പിൽക്കാലത്തെ കവികൾ അനുകരിച്ച രീതി ഏത്? | 1 |
| 3. മലയാളഭാഷയുടെ പിതാവ് ആര്? | 1 |
| 4. മലയാളഭാഷയുടെ പിതാവ് എന്ന പദവി ലഭിക്കാൻ കാരണമെന്ത്? | 2 |
| 5. എഴുത്തച്ഛന്റെ പ്രധാന കൃതികൾ ഏതെല്ലാം ? | 1 |
| 6. മറ്റാർക്കും ലഭിക്കാത്ത ആചാര്യപദവി അദ്ദേഹത്തിന് ലഭിച്ചതെങ്ങനെ ? | 2 |
| 7. എഴുത്തച്ഛന്റെ ജന്മദേശം എവിടെ ? | 1 |



P.T.O

II.ബ്രാക്കറ്റിൽ നിന്നും ശരിയായ അക്ഷരം തെരഞ്ഞെടുത്ത് പദം പൂരിപ്പിക്കുക

( ദ , ദ്രാ , ന്ത്യാ , ധ , ശ്ച , സ്യ ാ, തൃ , ഷി , ശി )

1. മു____വാക്യം 2. വ____ശിക്ഷ 3. സു____രം 4. സ____ദീപം 5.നി__ലം 6. മാ__ഭൂമി 6

III.അർത്ഥം എഴുതുക
1. ജ്വലിക്കുക 2. കനത്ത 3. നിവസിക്കുക 4. കിരണം 5.സായാഹ്നം 6. ത്യാഗം 6

IV.വിപരീതം എഴുതുക
1. ആകർഷണം 2, ഭംഗി 3. സമ്മതം 4. സുന്ദരം 5. ശത്രു 6. സ്വാതന്ത്ര്യം 6

V.പര്യായം എഴുതുക
1. പാത 2. സമരം 3. പുത്രൻ 4. ഭൂമി 5. ശരീരം 6.ശബ്ദം 6

VI.നാനാർത്ഥം എഴുതുക
1. മരതകം 2. പാദം 3. ശ്രേണി 3

VII.വിഗ്രഹിക്കുക
1. ത്യാഗധനന്മാർ. 2. മനോഭാവം 3 സ്വഭവനം 4. സമരപാത 5. സ്വാതന്ത്ര്യസമരം 5

VIII.ചേർത്തെഴുതുക
1.കോടതി+ഇൽ 2.മലർ+അണി 3. നിറഞ്ഞ്+ഒഴുകുക 4.പാദം+കൾ 5. മുളി+പാട്ട് 5

IX.പിരിച്ചെഴുതി സന്ധി നിർണയിക്കുക
1. പടയോട്ടം 2. കുലച്ചാർത്ത് 3. മഞ്ഞല 4. തലമുറയുടെ 5.കൈവശമില്ല 5

X.വാക്യത്തിൽ പ്രയോഗിക്കുക
1. ആപൽക്കാരി 2. നാശോന്മുഖം 3. ആട്ടിയോടിക്കുക 3

XI.ശരിയായ പദം തെരഞ്ഞെടുത്ത് എഴുതുക 4
1. സമരവീര്യം — സമരവീരം
2. മുകഭാവം — മുഖഭാവം
3. സമാധി — സമാദി
4. പ്രസാദം — പ്രസാതം

XII.പദ്യം പൂരിപ്പിക്കുക (8 Lines) 8
മലരണിക്കാടുകൾ______
________നിന്നെത്തി നോക്കി

**XIII.ആശയ വിപുലനം** 5

" മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും
കല്ലിനുമുണ്ടാമൊരു സൗരഭ്യം"

**XIV.ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരമെടുത്തെഴുതുക ( 5 marks )**

1. ഒരു ഗ്രാമരംഗം എന്ന കവിത എഴുതിയത് ആര് ?
( വള്ളത്തോൾ ചങ്ങമ്പുഴ കൃഷ്ണപിള്ള , കുമാരനാശാൻ )

2. "നൗജവാൻ ഭാരത് സഭ എന്നു രൂപീകരിച്ചു ?
( 1931- ൽ , 1919 -ൽ , 1926 - ൽ )

3. അദ്വൈത സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് ആര് ?
( മണ്ഡനമിശ്രൻ , ശ്രീശങ്കരാചാര്യർ , സുരേശ്വരൻ )

4. ബെന്നിയെ തേടിയെത്തിയ കൂട്ടുകാരനാര് ?
( രാമൻകുട്ടിനായർ , തമ്പി , സുരേന്ദ്രൻ )

5. ഇന്ത്യയിലെ യുവതലമുറയുടെ വീരാരാധനയ്ക്ക് എന്നും-
പാത്രമായി നിൽക്കുന്ന വിപ്ലവനായകനാര് ?
( ചന്ദ്രശേഖർ , ഭഗത്സിംഗ് , സുഖ്ദേവ് )

**XV.രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക ( Any Three ) ( 9 Marks )**

1. ജാലിയൻ വാലാബാഗിൽ നടന്നതെന്ത് ?

2. ഗ്രാമത്തിന്റെ ഏതു സവിശേഷതയാണ് മിന്നിത്തിളങ്ങുന്നത് ?

3. സർവ്വജ്ഞപീഠംകയറി എന്നു പറഞ്ഞാൽ എന്താണർത്ഥം ?

4. കൊതുകുതിരി കൊതുകുകളെ ചെറുക്കുന്നതെങ്ങനെ ?

**XVI.മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക ( Any One )**

1. വൈസ്രോയിക്കും മറ്റ് ഉന്നത ബ്രിട്ടീഷുദ്യോഗസ്ഥന്മാർക്കും -
ഭഗത്സിംഗിനോട് പക തോന്നാൻ കാരണമെന്ത് ? 4

**OR**

2. മുതലയുടെ പിടിയിൽനിന്ന് ശങ്കരാചാര്യർ രക്ഷപ്പെട്ടതെങ്ങനെ ?